04/12/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ CP No. 935(2)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 15002/SIC-G6/2020)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ഡി. രാജേന്ദ്രൻ,<br>കൊല്ലംവിളാകം,<br>അരങ്ങമുകൾ, ആറാലുമൂട് (പി.ഒ),<br>തിരുവനന്തപുരം - 695 123. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ജലവിഭവ(ഭൂജല) വകുപ്പ്,<br>ഗവ. സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30/09/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/11/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 24/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/10/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 02/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ഡി. രാജേന്ദ്രൻ സമർപ്പിച്ച പരാതി ഹർജി

24.12.2020-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 935(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. പരാതി ഹർജിക്കാരൻ 30/09/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ പകർപ്പുകളാണ്:

1. ഭൂജല ഡയറക്ടറുടെ 04/03/2020-ലെ E(1)3920/2015/DGW കത്ത് സർക്കാരിൽ സ്വീകരിച്ചപ്പോൾ നൽകിയ Inward No. ഏതെന്നും
2. 04/03/2020 കത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി ഫയൽ തുടങ്ങിയോ എന്നും എങ്കിൽ ഫയൽ നമ്പർ ഏതെന്നും
3. 21/09/2020 അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 04/11/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 05/10/2021 -ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനെതിരായുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഭൂജല വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 28/01/2019-ലെ E(1)609/2013/DGW നടപടി ക്രമത്തിനെതിരെ ടിയാൻ 07/05/2019-ന് സമർപ്പിച്ച അപ്പീലാണ് GW1/122/2019/WRD നമ്പർ ഫയലിൽ പരിശോധിച്ചിരുന്നതെന്നും വിവരാവകാശ നിയമം 2005 പ്രകാരം ടി ഫയലിന്റെ പകർപ്പു കൾ 29/06/2020-ലെ GW1/114/2020/WRD നമ്പർ കത്ത് പ്രകാരം ടിയാന് നൽകിയിരുന്നു വെന്നും, 4325051/2020/WRD(OS) നമ്പരായി ലഭിച്ച തപാൽ 17/09/2020-ന് ഫയലിൽ ചേർത്തിട്ടുള്ളതെന്നും 17/09/2020-ന് ചേർത്തിട്ടുള്ള കത്തായതിനാലാണ് 29/06/2020-ലെ GW1/114/2020/WRD നമ്പർ കത്ത് പ്രകാരം നൽകിയ ഫയൽ പകർപ്പുകളിൽ ഇത് ഉൾപ്പെടാ തിരുന്നതെന്നും 04/11/2020-ലെ GW1/276/2020/WRD നമ്പർ കത്ത് പ്രകാരം പ്രസ്തുത തപാൽ ലഭിച്ചിട്ടുണ്ടെന്നും ആയത് GW1/122/2019/WRD നമ്പർ ഫയലിൽ ചേർത്തിട്ടു ണ്ടെന്നും, ടിയാൻ ബോധിപ്പിക്കുന്നതുപോലെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയിട്ടില്ലെന്നും, 04/11/2020-ലെ GW1/276/2020/WRD നമ്പർ കത്തിൽ

എസ്.പി.ഐ.ഒ ആന്റ് ഡെപ്യൂട്ടി സെക്രട്ടറി എന്നത് ടൈപ്പ് ചെയ്തപ്പോൾ ഉണ്ടായ പിശകാണെന്നും എസ്.പി.ഐ.ഒ-യും അപ്പീൽ അധികാരിയും ഒരേ വ്യക്തിയല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ നൽകുന്നതിന് തടസ്സമില്ല എന്ന് 18/12/2020-ലെ കത്ത് പ്രകാരം ടിയാനെ അറിയിച്ചിരുന്നുവെന്നും ടി കാര്യത്തിൽ ബോധപൂർവ്വമായ പിഴവ് വരുത്തിയിട്ടില്ലെന്നും ഇനി ഇത്തരം തെറ്റുകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും പകർപ്പുകൾ എല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും 05/10/2021-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരന് നൽകിയിട്ടുണ്ടെന്നും, വിവരാവകാശ നിയമം 7(1) പ്രകാരമുള്ള മറുപടിയിൽ അപ്പീൽ അധികാരിയുടെ അഡ്രസ്സിന്റെ പിശക്മൂലം ഒന്നാം അപ്പീൽ സമർപ്പിക്കാനുള്ള അവസരം നഷ്ടമായെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം അപ്പീൽ സമർപ്പിക്കാനുള്ള അവസരം നൽകികൊണ്ട് ടി പരാതി ഹർജിയിന്മേൽ മേൽ നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഇന്നേ ദിവസം **2021 നവംബർ 02-ാം തീയതി** കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV